# തൂലിക

## ഡിജിറ്റൽ മാഗസിൻ




2019 - 20

ജി. എച്ച്.എസ്.എസ്.നീലേശ്വരം

# സന്ദേശം



ജിഎച്ച്എസ്എസ് നീലേശ്വരത്തിന്റെ 'ലിറ്റിൽ കൈറ്റ്' ‘തൂലിക’ എന്ന പേരിൽ ഒരു ‘ഇ-മാഗസിൻ’ പ്രസിദ്ധീകരിക്കുന്നുണ്ടെന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ പ്രശംസനീയമാണെന്ന് പറയാൻ ഞാൻ വളരെ സന്തുഷ്ടയാണ്. ഈ ശ്രമത്തിന് ഞാൻ ആത്മാർത്ഥമായ ആശംസകൾ അറിയിക്കുന്നു.



ഹെഡ്മിസ്ട്രസ്

അനിത സി എ

ജി എച്ച് എസ് എസ് നീലേശ്വരം



# ഒന്ന് വിരൽ തൊട്ടമ്പോൾ...

മനുഷ്യ ചരിത്രത്തിനാകെ വലിയ പുരോഗതിയുണ്ടാക്കിയത് സാങ്കേതിക വിദ്യകളാണ് എന്ന കാര്യത്തിൽ തർക്കമില്ല. ഒരു വികസിത ഉല്പന്നമായി മാനവകുലത്തിനാകെത്തന്നെ അനുദിനം സുഖകരമായ ജീവിതം പ്രദാനം ചെയ്യുന്നതിൽ സാങ്കേതിക വിദ്യ വളർന്നു കൊണ്ടിരിക്കുന്നു. വലിയ തോതിലുള്ള അന്വേഷണങ്ങളും പഠനവും പരീക്ഷണങ്ങളും നടക്കുന്ന മേഖലയാണ് സാങ്കേതിക വിദ്യ. അതിൽ തന്നെ കമ്പ്യൂട്ടർ , ഇൻററർനെറ്റ് മേഖലകൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നു.

ഇൻററർനെറ്റ് ഉപയോഗിക്കാതെ ഒരു ശരാശരി മലയാളിയുടെ ജീവിതം ഇന്ന് അസാധ്യമാണ്. മുത്തശ്ശിമാർ മുതൽ രണ്ട്,മൂന്ന് വയസ്സുള്ള കൊച്ചുകുട്ടികൾ വരെ ഇന്ന് ഇൻററർനെറ്റ് കൈകാര്യം ചെയ്യുന്നു. അതുകൊണ്ടു തന്നെ വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഭാഷയിൽ പറഞ്ഞാൽ ' അപ്ഡേറ്റ് ' ചെയ്യപ്പെടാതെ നമുക്ക് ജീവിക്കാനാവില്ല. സമൂഹത്തിൻെറ മുഖ്യധാരയിൽ പിടിച്ചു നിൽക്കാൻ ഏറ്റവും പുതിയ അപ്ഡേഷനുകൾ നാം നടത്തി കൊണ്ടേയിരിക്കണം. ഈ കാഴ്ചപ്പാടാണ് വിവര വിനിമയ സാങ്കേതിക വിദ്യയുടെ നൂതന സംവിധാനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക വഴി നാം ലക്ഷ്യമാക്കുന്നത്.

ലോകമിന്ന് ഒരേ സമയം വലുതാകുകയും അതേ സമയം നമ്മുടെ കൈപ്പിടിയിലേക്ക് ചുരുങ്ങുകയും ചെയ്യുന്ന സാങ്കേതിക വിദ്യയിലേക്ക് കുതിക്കുകയാണ്. അങ്ങിനെയുള്ള ലോകത്തെ കൈകാര്യം ചെയ്യാനുള്ള പരിശീലനവും അറിവുമാണ് നാം ക്ലാസ് മുറികളിൽ സാധ്യമാക്കാൻ ശ്രമിക്കുന്നത്.

വെബ് ഡിസൈനിംഗ് രംഗത്താണ് ഇന്ന് ലോകത്തെ വ്യാപാരങ്ങളും ഇടപെടലുകളും നടക്കുന്നത് എന്ന് നമുക്കറിയാം .ഇതുവഴി എങ്ങിനെ വലിയ ലോകത്തെ നമ്മുടെ മുറിയിലേക്ക് കൊണ്ടുവരാം നമ്മുടെ ആശയത്തെ, ഉല്പന്നത്തെ വലിയ ലോകത്തിൻെറ മുന്നിൽ അവതരിപ്പിക്കാം എന്നത് ഇന്ന് ലളിതമായ കാര്യമാണ്. അതേ പോലെത്തന്നെയാണ് മൾട്ടിമീഡിയ രംഗം. മുമ്പ് ഒരു വാർത്ത നമ്മുടെ മുന്നിലെത്താൻ ദിവസങ്ങളും മാസങ്ങളും എടുക്കുമായിരുന്നു. പലതും നാമറിയുക പോലുമില്ല. ഇന്ന് അതല്ല സ്ഥിതി ഒരിക്കലും നാം പ്രതീക്ഷിക്കാത്ത സംഭവങ്ങൾ അതേ സമയം തന്നെ നമ്മുടെ മുന്നിലെത്തുന്നു. വീഡിയോ , ചിത്രങ്ങൾ, ശബ്ദങ്ങൾ തുടങ്ങി സർവ്വ ദൃശ്യ ശ്രാവ്യ മേഖലയിലും നൂതന സംവിധാനങ്ങൾ നമുക്ക് കൂടുതൽ അനുഭവത്തെ പ്രാപ്യമാക്കുന്നു.

ആനിമേഷൻ , ടൈപ്പിംഗ് തുടങ്ങിയ മേഖലകളിലെല്ലാം നൽകുന്ന പരിശീലനം കുട്ടികളുടെ ലോകത്തെ കൂടുതൽ അവസരവും സാധ്യതയും ഉള്ളതാക്കുന്നു. ഈ അറിവുകളെല്ലാം പൊതു വിദ്യാലയത്തിൽ സാധ്യമാക്കുന്നു എന്നത് വളരേ പ്രധാനപ്പെട്ട കാര്യമാണ്.

കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക , പഠനത്തോടൊപ്പം തൊഴിൽ സാധ്യത , തുടങ്ങിയവ മറ്റു വിഷയങ്ങളിൽ നിന്നും ഐ.ടി പഠനത്തെ വേർതിരിച്ചു നിർത്തുന്നു.

ലോകത്തിനാകെ മാതൃകയാക്കാവുന്ന കേരളത്തിലെ പൊതു വിദ്യാഭ്യാസം , കൂടുതൽ തിളക്കവും മികവുറ്റതുമാവുന്നത് , മാറുന്ന ലോകത്ത് നൂതനസാങ്കേതിക രംഗത്തെ കരസ്ഥമാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു എന്നത്കൊണ്ട് കൂടിയാണ്.

നിരവധി അറിവുകളും വിവരങ്ങളും സാങ്കേതികവിദ്യകളും ഒത്ത് ചേരുന്ന ഇടമാണ് ഐ.ടി മേഖല. ഇവയെല്ലാം സ്വന്തമാക്കുന്നവർ മൗസിലും കീബോർഡിലും തൊടുമ്പോൾ ലോകം മാറി മറയും. കൂടുതൽ നന്മയും സൗകര്യങ്ങളും നമുക്ക് ചുറ്റും ഉയർന്നു വരും. സുസ്ഥിരവും സുരക്ഷിതവുമായ ഭൂമിക്കും ജീവന്റെ നിലനിൽപ്പിനും വേണ്ടിയുള്ള പരിശ്രമത്തിൽ ഐ.ടി പഠനം ഊർജ്ജം നൽകുന്നു.

**ഷാജു ടി ടി**
HSA Physical Science
SITC

# എഡിറ്റോറിയൽ

ളുലിക അറിവ് പിന്തുടരാനുള്ള ഒരു  സ്വപ്ന
പദ്ധതിയാണ് . ളുലിക എന്നത് നീലേശ്വരത്തെ
ലിറ്റിൽ കൈറ്റ്സിന്റെ കൂട്ടായ പ്രവർത്തനമാണ്.
കഠിനാദ്ധ്വനവും ആത്മസമർപ്പണവും ഓരോ പ്രവർ-
ത്തനവും വിജയകരമാക്കുന്നു. ഇവിടേയും ഞങ്ങളുടെ
കുട്ടിപ്പട്ടങ്ങളുടെ ആത്മസമർപ്പണത്തിന്റെ മനോഹാരി-
ത  ളുലിക യിൽ കാണാൻ സാധിക്കുന്നു. മറ്റുള്ളവരുടെ
ചിന്തകളും നവീന ആശയങ്ങളും പങ്കുവെയുക്കുവാനും
മനോഭാവം  മാറ്റാനുമുള്ള ഊർജ്ജം  ളുലികയ്ക്കുണ്ട്.
അറിവും നവിനാശയങ്ങളും പിന്തുടരാനുള്ള ഒരു സൂചി-
കയാണ് ളുലിക .ഈ സ്വപം നിറവേറ്റാൻ ഞങ്ങളെ
സഹായിച്ച ഞങ്ങളുടെ പ്രധാനാധ്യപിക,അധ്യാപകർ,
വിദ്യർത്ഥികൾ,മറ്റു അദൃുദയകാംക്ഷികൾക്കും ഞങ്ങൾ
നന്ദി പറയുന്നു.

**അശ്വതി.ഒ.ടി**

IX A

# Our Little Kites Team



# Editorial Board

**Patron** :**Anitha C A , Headmistress**

**Chief Editors** :**Anitha Kumari K,Bindu Bastine C**
**[ Kite Mastress ]**

**Student Editor** :**Aswathi O T**

**Members** :**Akshay P**
**Sachin P**
**Shahil**
**Athul Vysakh**
**Jyuthi Raghuprasad**



# Our School.......



# Kites on work......



# ഇതളുകൾ........


(1) കുമാരനാശാൻ 11

(2) കൗമാരപ്രശ്നങ്ങൾ 12

(3) പോസ്റ്റർ 17

(4) എന്റെ സൗഹൃദം 18

(5) അളവുകളും തൂക്കങ്ങളും 22

(6) വചനങ്ങൾ 23

(7) ഇഷ്ടം 24

(8) കലാലയം 25

(9) ആത്മാർത്ഥമായ സ്നേഹം 26

(10) ബുദ്ധിശാലിയായ പ്രാവ് 28

(11) REMEMBER THAT 30

(12) സൗരയൂഥം 31

(13) ANOTHER CHANCE 32

(14) തോരോത്ത മഴ 33

(15) നാലുമണി പൂ 35

(16) മതിലുകൾ 36

(17) കലീല ഭിന്ന കഥകൾ 38

(18) ഞാൻ 39

(19) English Proverbs 40

| | | |
|---|---|---|
| (20) | INTERNET | 41 |
| (21) | റോബോട്ടുകളുടെ ലോകം | 43 |
| (22) | USB Connection | 44 |
| (23) | സ്ത്രീകളിലെ മദ്യപാനം | 46 |
| (24) | POSSIBILITIES OF I T IN SCHOOL EDUCATION | 48 |
| (25) | മഴച്ചൊല്ലുകൾ | 50 |
| (26) | ഒരു കുടയും കുഞ്ഞുപെങ്ങളും | 52 |
| (27) | ചെറുശ്ശേരി | 54 |
| (28) | ടോട്ടോചാൻ | 56 |
| (29) | ദെർസു ഉസാല | 58 |
| (30) | അഗ്നിച്ചിറകുകൾ | 61 |
| (31) | കാത്തിരിപ്പ് | 63 |
| (32) | ആടുജീവിതം | 65 |
| (33) | ഞാനിവിടെയുണ്ട് | 66 |
| (34) | ബസ്റയിലെ ലൈബ്രേറിയൻ | 68 |
| (35) | ലഹരിയിലെ കാഴ്ചപ്പാട് | 70 |
| (36) | ഭൂമിയുടെ അവകാശികൾ | 71 |
| (37) | ആൽഫയും ഒമേഗയും | 73 |
| (38) | സദ്ഗുരു | 75 |
| (39) | ചിത്രങ്ങൾ | 76 |



# കുമാരനാശാൻ

***1873 ൽ തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. വിദ്യാഭ്യാസശേഷം സംസ്കൃതസാഹിത്യത്തിലും ഇംഗ്ലീഷ് സാഹിത്യത്തിലും അറിവുനേടി. കുറച്ച് കാലം ആധ്യാത്മിക ജീവിതം നയിച്ചു. മലയാള കവിത ചരിത്രത്തിൽ കാൽപനികതയ്ക്ക് തുടക്കം കുറിച്ച കുമാരനാശാൻ നിരവധി സ്നേഹകാവ്യങ്ങളെഴുതി സ്നേഹഗായകനായി അറിയപ്പെട്ടു. ഇദ്ദേഹത്തിന്റെ പ്രധാന കൃതികളായിരുന്നു വീണപൂവ്, നളിനി, മണിമാല, വനമാല, പുഷ്പവാടി, സൗന്ദര്യ ലഹരി. മണ്ണടിഞ്ഞ ചെറുപൂവിലും കണ്ണുനീരിനുപോലും വിവരിക്കാനാവാത്ത രഹസ്യങ്ങൾ അടങ്ങിക്കിടപ്പുണ്ടെന്ന് ആ കാവ്യം ഉത്ബോധിപ്പിച്ചു. വീണപൂവിന്റെ പിറവിതൊട്ട് ആശാന്റെ നിര്യാണകാലം വരെയുള്ള 16 വർഷത്തിനകമാണ് അദ്ദേഹത്തിന്റെ പ്രമുഖ കൃതികളെല്ലാം രചിക്കപ്പെടുന്നത് 1924 ജനുവരിയിൽ പല്ലനയാറ്റിൽ വെച്ചുണ്ടായ ഒരു ബോട്ടപകടത്തിൽ വീണപൂവിന്റെ രചയിതാവായ കുമാരനാശാൻ മരണമടഞ്ഞു.***

**അർഷ,ഷഹന**

# കൗമാരപ്രശ്നങ്ങൾ

*മനുഷ്യൻ ജീവിതത്തിൽ വിവിധ ഘട്ടങ്ങളിലൂടെ ആണ് കടന്നുപോകുന്നത്.ആദ്യഘട്ടം അവന്റെ/അവളുടെ ശൈശവ ഘട്ടമാണ്. ഒന്നും അറിയത്തില്ലാത്ത ഏറ്റവും നിഷ്കളങ്കമായ പ്രായം ചുറ്റുമുള്ളവരുടെ പ്രവർത്തികൾ കൊണ്ടും വാക്കുകൾ കൊണ്ടും അവർ മനസ്സിലാക്കാൻ ശ്രമിക്കുന്നു.*

*ഒരു വ്യക്തിയുടെ വ്യക്തിത്വം അവർക്ക് ജന്മസിദ്ധമായി അവരുടെ മാതാപിതാക്കളിൽ നിന്ന് ലഭിക്കുന്നു. അവർ വളരുന്ന സാഹചര്യങ്ങളിൽ നിന്നും കിട്ടുന്നതുമാണ് അവന്റെ വ്യക്തിത്വം രൂപപ്പെടുന്നതിന് സഹായിക്കുന്നത്. ശൈശവ ഘട്ടത്തിൽ നമ്മുടെ കുടുംബത്തിൽനിന്ന് പോസിറ്റീവ് ആയോ നെഗറ്റീവ് ആയോ എന്ത് അനുഭവങ്ങളാണ് കിട്ടുന്നത് അതായിരിക്കും പിന്നീട് അവരുടെ സ്വഭാവത്തിലും പ്രവർ ത്തിയിലും ഒക്കെ നമുക്ക് കാണാൻ പറ്റുന്നത്.*

*ഒരു കുട്ടിയുടെ കൗമാരകാലഘട്ടത്തിൽ ആണ് അവരുടെ വ്യക്തിത്വം വികസിക്കുന്നത്. ശൈശവ ഘട്ടത്തിൽ കിട്ടിയ അനുഭവങ്ങളാണ് ഈ പ്രായത്തിൽ നമ്മുടെ സ്വഭാവമായി വളരുന്നത്. ഈ ഘട്ടത്തിൽ സ്വഭാവത്തിന് വരുന്ന മാറ്റങ്ങൾ നാം മനസ്സിലാക്കി വേണ്ട നടപടികൾ എടുത്താൽ നമുക്ക് ജീവിത്തിൽ വിജ*

യിക്കാൻ കഴിയും. ഇല്ലെങ്കിൽ ജീവിതത്തിൽ ഒത്തിരി പ്രതിസന്ധികൾ നേരിടേണ്ടി വരും.

1.ശാരീരിക മാറ്റങ്ങൾ

കൗമാര കാലഘട്ടത്തിൽ ആണ് ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ശാരീരികമായ മാറ്റങ്ങൾ വരുന്നത്. മുഖക്കുരു , ആൺകുട്ടികൾക്ക് ശബ്ദത്തിൽ വരുന്ന വ്യത്യാസം , പെൺകുട്ടികൾക്ക് മാസമുറ തുടങ്ങിയവ ആരംഭിക്കുന്നത് ഈ കൗമാരഘട്ടത്തിലാണ്. മാതാപിതാക്കൾ കുട്ടികൾക്ക് ശാരീരികമാറ്റങ്ങൾ പറഞ്ഞ് മനസ്സിലാക്കി കൊടുക്കണം.

2.വൈകാരിക മാറ്റങ്ങൾ

ഹോർമോണുകൾ ശരീരത്തെ മാത്രമല്ല മനസ്സിനെയും ബാധിക്കും. കൗമാര കാലഘട്ടം യുവത്വത്തിന്റെയും ബാല്യത്തിന്റെയും ഇടയിൽ ഉള്ള കാലമാണ്. ഈ സമയത്ത് ഇവർക്ക് അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചുമൊക്കെ കൺഫ്യൂഷൻ ആയിരിക്കും. അപകർഷകത ബോധം കൂടുതൽ ആയിരിക്കും.

3. സ്വഭാവത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ

വൈകാരികമായ മാറ്റങ്ങൾ നയിക്കുന്നത് അമിത ആവേശമുള്ള സ്വഭാവത്തിലേക്ക് ആയിരിക്കും. അത് അപകടകരമായിരിക്കും. അവരുടെ സ്വാതന്ത്ര്യത്തിൽ

തടസ്സം നിൽക്കുന്നത് അവർക്ക് ഇഷ്ടമില്ല. മാതാപിതാക്കളോട് question ചോദിക്കുന്നതും, നുണപറയുക തുടങ്ങിയവ
സ്വഭാവ വൈകല്യത്തിൽ പെടുന്നതാണ്.

4.substance use and abuse

കൗമാര കാലഘട്ടത്തിൽ പെട്ടെന്ന് തെറ്റായ വഴിയിൽ ചരിക്കാൻ സാധ്യതകൾ ഏറേയാണ്. നിയന്ത്രിക്കാനും മാർഗ്ഗ നിർദേശങ്ങൾ നൽകാനും ആരുമില്ല എങ്കിൽ തെറ്റിന്റെ വഴിയിൽ വീഴും. ലഹരിയുടെ ഉപയോഗം,പുകവലി,മദ്യം,പ്രേമബന്ധങ്ങളിൽ ഒക്കെ പെട്ടന്ന് വീഴും. ആദ്യം ഒരു രസത്തിന് തുടങ്ങും പിന്നെ അതിൽ നിന്ന് മോചിതമാകാൻ ബുദ്ധമുട്ടുണ്ടാകും. ആത്മവിശ്വാസവും, ആത്മാഭിമാനവും സ്വയം തോന്നാത്തവർ ആണ് ഈ കൂട്ടത്തിൽ പെടുന്നത്.
വിശപ്പില്ലായ്മ, ഉറക്കമില്ലായ്മ, ഉൻമേഷക്കുറവ് തുടങ്ങിയവ ഇങ്ങനെയുള്ള ശീലങ്ങളുടെ സൂചനയാണ്.

അവരുടെ തെറ്റുകൾ കുറ്റപ്പെടുത്താതെ അവർക്ക് തെറ്റ് തിരുത്താനും, ധൈര്യം പകർന്ന് സത്യസന്ദമായി ജീവിക്കാനും സഹായിക്കുക.

5.Educational Challenges

ഉയർന്ന വിദ്യാഭ്യാസത്താന് വേണ്ടി നല്ല മാർക്ക് വാങ്ങാൻ സാധിക്കാതെ വരുമ്പോൾ അവർക്ക് കൂടുതലായി പഠിക്കേണ്ട സാഹചര്യം വരുമ്പേൾ അത്

കുട്ടികൾക്ക് കൂടുതൽ സമ്മർദ്ധം ആകുന്നു. ഇത് അവരെ അന്തർസംഘർ
ഷത്തിലേക്കും,മാനസികവൈകരികതയിലേക്കും നയിക്കുന്നു.

6.Health Problem

മാനസികമായും, ശാരീരികമായും നല്ല ആരോഗ്യം വേണ്ട സമയമാണ് കൗമാര പ്രായം, പോഷകാഹാരം നല്ല രീതിയിൽ കഴക്കേണ്ട പ്രായം ആണ്. പോഷകാഹാര കുറവ് മൂലം ശരീരത്തിന്റെ തൂക്കം കുറയുകയാണെങ്കിൽ അതുവഴി Eating Disorder ആയ വിശപ്പില്ലായ്മയോ അല്ലെങ്കിൽ അത്യാർത്തിയിലേക്കോ നയിക്കും.

7.Psychological Problem

50% മാനസിക ആരോഗ്യ പ്രശ്നങ്ങളും ഉടലെടുക്കുന്നത് ഈ കൗമാരപ്രായക്കിലാണ്. ആത്മവിശ്വാസ കുറവും, ആത്മാഭിമാന കുറവും ഇവരെ അപകർഷക ബോധത്തിലേക്കും, ആധിപത്യ മനോഭാവത്തിലേക്കും നയിക്കുന്നു. ആകുലത,ഉത്കണ്ടം, വൈകാരിക സ്ഥിതി,വിഷാദം തുടങ്ങിയവ ഉണ്ടാകുന്നു. പടനത്തിൽ ഇവർ പുറകോട്ട് ആയിരിക്കും,LOW IQ ഇവരെ പ്രചോദിപ്പിക്കുന്നതിൽ പുറകോട്ട് ആയിരിക്കും. Eating disorder മൂലം ഇവരെ psychosomatic disorder

*ലേക്ക് നയിക്കും [മാനസിക കാരണങ്ങളിലുണ്ടാകുന്ന ശാരീരിക രോഗങ്ങൾ]*

*കൂടുതൽ സമയം ആരോഗ്യ ജീവിത പ്രശ്നങ്ങളെ കുറിച്ച് സംസാരിച്ച് അത് തടയാൻ പരിശ്രമിക്കുക.പോഷകാഹാരത്തിന്റെ ആവശ്യകതയെ പറഞ്ഞ് മനസ്സിലാക്കുക.*

*8.Social problem*

*തെറ്റായ പ്രേമബന്ധങ്ങളിൽ ചെന്ന് ചാടുക,അതുവഴി ശാരീരിക ബന്ധങ്ങളിൽ വരെ ചെന്ന് എത്താം.കൂട്ടുകാരുടെ പ്രേരണയാലോ,കുടുംബ ബന്ധങ്ങളിലെ പ്രശ്നങ്ങളോ ഇവരെ ഇതിലേക്ക് നയിക്കാം.*

***ജിൻസി***

*സ്കൂൾ കൗൺസിലർ*

പുകവലിയിൽ നിന്ന്

മുക്തി നേടൂ......

ജീവിതം ധന്യമാക്കൂ.....



ലഹരിയെ

ഒഴിവാക്കു

ജീവൻരക്ഷിക്കൂ.....

പുകവലി ഒഴിവാക്കൂ .....

നാടിനെ

സുരക്ഷിതമാക്കൂ....

ലഹരി ഒഴിവാക്കൂ..നല്ല നാളെക്കായ്

**ഷാഹിൽ 9 E**

# എന്റെ സൗഹൃദം



**അനുഭവക്കുറിപ്പ്**

ഞാൻ പഠിച്ച വിദ്യാലയത്തിന്റെ പേര് സേക്രഡ് ഹാർട്ട് യു.പി സ്ക്കൂൾ എന്നാണ്.

ഇവിടെ എനിക്ക് ഒത്തിരി സുഹൃത്തുക്കളുണ്ടായി- രുന്നു. ആദ്യമായി ഞാൻ ഒന്നാം ക്ലാസിൽ പടിക്കാനാണ് ഈ സ്ക്രൂളിലേക്ക് വരുന്നത്. ഇവിടെ വരുമ്പോൾ ആരേയും എനിക്ക് പരിചയം ഉണ്ടായിരുന്നില്ല. ഒരു മൂലക്ക് ചടഞ്ഞുകൂടിയിരുന്ന എന്നോട് വിസ്മയ എന്ന എന്റെ ബെസ്റ്റ് ഫ്രണ്ടായിരുന്നു ആദ്യമായി എന്നോട് മിണ്ടുകയും എന്നെ കൂടെ കൂട്ടുകയും ഒരുപാട് കുസൃതികളും കളികളും കഥകളും പാട്ടുകളും ഒക്കെ പാടി എന്റെ പിന്നാലെ നടന്നതും ഒത്തിരി തമാശ പറഞ്ഞ് ഞങ്ങൾ ചിരിച്ചതും എല്ലാം ഇപ്പോഴും എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നു. പിന്നെ പിന്നെ എല്ലാവരും ഞങ്ങളുമായി സൗഹൃദം പുലർത്തി. പിന്നെ ഞാനാ സ്കൂളിലെ ഒരുവിധം മൽസരങ്ങൾക്ക് കൂടിവരുകയും വിജയിക്കുകയും ചെയ്തു. എന്തെങ്കിലും ഒരു മത്സരം ഉണ്ടാകുമ്പോൾ എന്നെ പഠിപ്പിക്കാൻ അവൾ ഉഷാറായിരുന്നു. പക്ഷെ അവളൊന്നിനും കൂടുകയില്ല.ഒരാൾക്ക് എന്തെങ്കിലുമൊരു സങ്കടം വന്നാലൊ അവരെ സന്തോഷിപ്പിക്കാനും വിസ്മയക്കറിയാം. എന്നാൽ അവൾക്കെന്തെങ്കിലും പറ്റിയാൽ എല്ലാവരും കടി അവളെ ചിരിപ്പിക്കും.ഒരു

ദിവസം അവൾ കളിക്കാൻ വിട്ടപ്പോൾ സ്റ്റപ്പിന്റെ മുകളിൽ നിന്ന് താഴേക്ക് ചാടികളിക്കുന്നത് കണ്ടു.ഇവൾ ഇതുപോലെ കളിക്കാൻ വേണ്ടി മാറിനിൽക്ക് എന്നും പറഞ്ഞ് ചാടി. മൂക്കും കുത്തി താഴേക്ക്. മൂക്കിനു താഴെ ആഴത്തിലുള്ള മുറിവു പറ്റി. എല്ലാവരും ഇതുകണ്ട് ആദ്യം ചിരിച്ചു. അവളടക്കം. പിന്നെ എല്ലാവർക്കും പേടിയായി. അങ്ങനെ അവളെ ഓഫീസിൽ കൊണ്ടുപോയി മരുന്നു വെച്ചു കൊടുത്തു. പിന്നെ ഒന്നു മുതൽ ഏഴ് വരെ നല്ല നല്ല കളിയും ചിരിയും ആഘോഷങ്ങളും ആയിരുന്നു. വിസ്മയ മാത്രമല്ല,ആ സ്കൂളിലെ മുഴുവനും കുട്ടികളും എന്റെ കൂട്ടുകാരായിരുന്നു. അവർക്ക് ഞാൻ ഒരു കൂട്ടുകാരിയും. എവിടെ എന്നെ കണ്ടാലും അവരെന്നോട് മിണ്ടും. ഞാനും അവരോട് സൗഹൃദം പുലർത്തും. അതുപോലെ തന്നെ ഞങ്ങൾ തമ്മിൽ ഭയങ്കര മത്സരവുമാണ്. മത്സരിച്ചുപഠിക്കും ഒരു പ്രാവശ്യം ഒരാൾക്ക് സമ്മാനം കിട്ടിയാൽ അടുത്തപ്രാവശ്യം അവർക്ക് കിട്ടണം. പിന്നെ സ്കൂളിലെ എല്ലാ പരിപാടിക്കും ടീച്ചർ എന്നെ കൂട്ടുമായിരുന്നു. ഇവിടെ അദ്ധ്യാപകർ - വിദ്യാർത്ഥികൾ എന്നതിലുപരി നല്ല

*സൗഹൃദത്തിലായിരുന്നു അദ്ധ്യാപകരും വിദ്യാർത്ഥികളും ഉണ്ടായിരുന്നത്. കലാമേള, കായികമേള തുടങ്ങിയവയിലെല്ലാം അദ്ധ്യാപകരുടെ പങ്ക് വളരെ വലുതാണ്. ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട കൂട്ടുകാരായിരുന്നു ഞങ്ങളുടെ അദ്ധ്യാപകർ. പിന്നെ ഞങ്ങളുടെ സുഹൃദ്ബന്ധം പറഞ്ഞറിയിക്കാൻ കഴിയാത്തതായായിരുന്നു. ഒരു ദിവസം സീറ്റ് മാറിയതിന് വരെ ഞങ്ങൾ കരഞ്ഞിട്ടുണ്ട്. ഒത്തിരി ദിവസം സ്കൂൾ മാറുന്നതിന് കരഞ്ഞിട്ടുണ്ട്. പിന്നെ ഞാൻ നീലേശ്വരത്തേക്ക് വരുന്നതിന് എത്രയേ ദിവസം കരഞ്ഞു. പിന്നെ ഞങ്ങൾ വിചാരിച്ചു കുറച്ചു ദിവസം കൂടിയേ ഇനി ഈ സ്കൂളിൽ ഉണ്ടാവുകയുള്ളൂ. അപ്പോൾ അതുവരെ സന്തോഷത്തോടെ നിന്ന് പിരിയണം എന്ന് ഉറപ്പിച്ചു. പിന്നെ കുറച്ചു ദിവസം സന്തോഷത്തിന്റെ നാളുകളായിരുന്നു .*

*ജ്യോതി രഘുപ്രസാദ്*

*9 C*

# അളവുകളും തൂക്കങ്ങളും

| | | |
|---|---|---|
| 10 മില്ലീമീറ്റർ[mm] | = | 1 സെന്റീമീറ്റർ [cm] |
| 10 സെന്റീമീറ്റർ | = | 1 ഡസീമീറ്റർ [da] |
| 10 ഡെസീമീറ്റർ | = | 1 മീറ്റർ [m] |
| 12 ഇഞ്ച് | = | 1 അടി [0.348 m] |
| 1 കിലോമീറ്റർ | = | 0.621 മൈൽ |
| 1 ഹെക്ടർ | = | 1000 ച.മീ |
| 1 ഏക്കർ | = | 4840 ച.അടി |
| 10 മില്ലീഗ്രാം | = | 1 സെന്റീഗ്രാം |
| 10 ഡെസീഗ്രാം | = | 1 ഗ്രാം |
| 1000 ഗ്രാം | = | 1 കിലോഗ്രാം |
| 100 കിലോഗ്രാം | = | 1 ക്വിന്റൽ |
| 10 ക്വിന്റൽ | = | 1 മെട്രിക് ടൺ |
| 60 സെക്കന്റ് | = | 1 മിനിറ്റ് [minute] |
| 60 മിനിറ്റ് | = | 1 മണിക്കൂർ [Hour] |
| 24 മണിക്കൂർ | = | 1 ദിനം [Day] |

*NOORA.K.P*

മദ്യപാനം ബ്രഹ്മഹത്യക്ക് തുല്യമാണ്

[മഹാഭാരതം]

മദ്യം മനുഷ്യനെ മൃഗമാക്കിത്തീർക്കുന്ന

മാരകവസ്തുവാണ് . മദ്യം ഹറാമാണ്

[വിശുദ്ധ ഖുർആൻ]

മദ്യപൻ ദൈവരാജ്യം അവകാശമാക്കുകയില്ല



[ബൈബിൾ]

by

നിസ്തുൽ കൃഷ്ണ

IX.B

# ഇഷ്ടം

പഞ്ചേന്ദ്രിയങ്ങൾക്കൊപ്പം

മുമ്പെങ്ങോ മുങ്ങി നിവർന്നവരോട്

പിന്നെ എപ്പോഴൊക്കെയോ തോന്നുന്ന

പേരറിയാത്ത ചില അനുഭൂതികൾക്ക്

പറയുന്ന പേര്

ബോബി ജോസഫ്

UPSA

# കലാലയം




*അനശ്വരമായ പ്രണയം*
*കളങ്കമില്ലാത്ത സൗഹൃദം*
*കൈകൾ പിടിച്ച്*
*വിജയപാതയിലേക്ക്*
*വഴികാട്ടുന്ന അധ്യാപകർ*
*നേരിന് വേണ്ടി ഇങ്കലാബ്*
*വിളിക്കുന്ന*
*ചുവന്ന പൂക്കൾ*
*ചിത്രപണികളാൽ ഉയർന്നനിൽക്കുന്ന*
*കലാലയത്തിൻ ചുമരുകൾ*
*ഒരുപാട് പേരുകൾ തന്റെ ഹൃദയത്തിലെഴുതുവാൻ*
*സമ്മതിച്ച ബെഞ്ചുകൾ ഡെസ്കുകൾ*
*ഇന്നലെകളുടെ കഥപറയുന്ന*
*നമ്മുയെ ക്യാമ്പസ്*
*എല്ലാം ഒരു നിമിത്തം*
*പടിയിറങ്ങുകയായി കലാലയത്തിൻ*
*പൂമ്പാറ്റകൾ*
*മറ്റൊരു പൂവും തേടി........*

**സച്ചിൻ പി**
**9 A**

# ആത്മാർത്ഥമായ സ്നേഹം

*അനു എന്ന കുട്ടിയുടെ വീട്ടിൽ ഒരു കിട്ടു എന്ന പൂച്ചയുണ്ടായിരുന്നു.ശരീരമാകെ വെളുത്തതും രോമങ്ങൾ മിനുസമാർന്നതും കണ്ണുകൾ തിളക്കമുള്ളതുമായ ഒരുപൂച്ച.*

*അനുവും അച്ഛനുംകൂടി കിട്ടുവിന് മണ്ണ്കൊണ്ട് ഒരു വീട് നിർമ്മിച്ചു കൊടുത്തു.അനു രാവിലെ എഴുന്നേറ്റ് കിട്ടുവിനെ പുറത്തിറക്കി കളി തുടങ്ങും.കിട്ടുവിന് അനു മീൻ മുള്ളുകളും മറ്റു ഭക്ഷണങ്ങളുംകൊടുക്കും.അമ്മക്ക് അത് കണ്ട് ദേഷ്യം പിടിക്കും. എന്നാലും അനു അമ്മ കാണാതെ കിട്ടുവിന് ഭക്ഷണം കൊടുക്കും.*

*ഒരു ദിവസം അനുവിന് വെച്ച പാൽ കിട്ടു എടുത്തു കുടിച്ചു. ഇത് അമ്മ കണ്ടു.അനു കൊടുത്തതാണെന്ന് അമ്മ വിചാരിച്ചു.അമ്മ അനുവിനെ വഴക്കു പറഞ്ഞു.അച്ഛനോട് അമ്മ പറഞ്ഞു:കിട്ടുവിനെ അപ്പുറത്തെ വീട്ടിലെ ജാനു ഏടത്തിക്ക് കൊടുക്കാം.അവർക്ക് കിട്ടുവിനെ ഭയങ്കര ഇഷ്ടാ. "അനു പാലും ചോറും ഒക്കെ കിട്ടുവിന് കൊട്ക്കാ."അച്ഛൻ പറഞ്ഞു:"നാളെ കൊടുക്കാം.സന്ധ്യയാവാനായി." ഇത് അനു ഒളിഞ്ഞു നിന്ന് കേൾക്കുന്നുണ്ടായിരുന്നു.കൂടെ കിട്ടുവും. അനുകിട്ടുവിനെ ചേർത്തു പിടിച്ച് ഉമ്മ വെച്ചു.അമ്മ ദേഷ്യത്തോടെ പറഞ്ഞു:അനൂ....മതി കളിച്ചത്.കിട്ടുവിനെ അവിടെ വെച്ച് അകത്തേക്ക് കയറ്...അനു വിഷമത്തോടെ*

*അമ്മയോട് പറഞ്ഞു:കിട്ടുവിനെ എനിക്കു വേണം.കിട്ടു പാവമാണ്..... അമ്മ ഒന്നും മിണ്ടിയില്ല.*
*നേരം വെളുത്തു. അനു കട്ടിലിൽ നിന്നും ചാടി എഴുന്നേറ്റു കിട്ടുവിന്റെ അടുത്തേക്ക് ചെന്നപ്പോൾ കിട്ടുവിനെ കാണാനില്ല.അനു സങ്കടത്തോടെ വരാന്തയിലിരുന്നു.ഒന്നും കഴിക്കുന്നില്ല.ആരു പറഞ്ഞിട്ടും ഒന്നും കേൾക്കുന്നുമില്ല.എപ്പോഴും കിട്ടു......എന്റെ കിട്ടു....” എന്ന് പറഞ്ഞ് കൊണ്ടിരിക്കുകയാണ് ഒരു അസുഖക്കാരിയെ പോലെ.അതുകണ്ട് അച്ഛന് സങ്കടം തോന്നി.അച്ഛൻ അവളെ എടുത്ത് അപ്പുറത്തെ വീട്ടിൽ പോയി.കിട്ടുവിനെ കണ്ടതും അനു ഓടിച്ചെന്ന് കിട്ടുവിനെ വാരിയെടുത്ത് ഉമ്മ വെച്ചു.അവൾക്ക് സന്തോഷമായി.കിട്ടുവിനെയും കൂട്ടി അവൾ വീട്ടിലേക്ക് നടന്നു.*

***ആത്മാർത്ഥമായി അവൾ സ്നേഹിച്ചതു കൊണ്ട് അവൾക്ക് കിട്ടുവിനെ സ്വന്തമാക്കാൻ കഴിഞ്ഞു.***

***ഫാത്തിമ നജ***
***9 C***

# ബുദ്ധിശാലിയായ പ്രാവ്

ഒരു ഇടതൂർന്ന വനത്തിൽ ഒരു വലിയ ആൽമരം ഉണ്ടായിരുന്നു. അതിൽ പ്രാവിൻകൂട്ടം ജീവിച്ചിരുന്നു. മരത്തിനടിയിൽ നിന്നും ഒരു വള്ളി പടർന്നു വരുന്നത് കണ്ട് ആ പ്രാവുകളുടെ ഇടയിലുള്ള ബുദ്ധിശാലിയായ പ്രാവ്



എല്ലാവരെയും വിളിച്ചു. 'എല്ലാവരും വരൂ , ഈ വള്ളികൾ

*പെട്ടെന്ന് നശിപ്പിക്കണം. അല്ലെങ്കിൽ ഇത് ഭാവിയിൽ നമുക്ക് ആപത്തായി മാറും '. എന്ന് എട്ടത്ത് പറഞ്ഞു. എന്നാൽ മറ്റ പ്രാവുകൾ ആ പ്രാവ് പറഞ്ഞത് അനുസരിച്ചില്ല.*

*കുറച്ചു മാസങ്ങൾക്കകം ആ വള്ളി നന്നായി വളർന്ന് മരത്തിന്റെ മുകളിൽ പടർന്ന് പന്തലിച്ചു. ഒരു ദിവസം പ്രാവുകൾ ഇര അന്വേഷിച്ച് പോവുകയായിരുന്നു. അപ്പോൾ ഒരു വേടൻ പ്രാവുകളെ പിടിക്കാനായി വള്ളിയുടെ മുകളിൽ കയറി വല വിരിച്ചു. രാത്രി കൂടണഞ്ഞ പ്രാവുകൾ വലയിൽ വീണു. കുടുങ്ങിക്കിടന്ന പ്രാവുകൾ വലയിൽ നിന്ന് രക്ഷപ്പെടാനായി എന്താണ് ചെയ്യേണ്ടതെന്ന് ബുദ്ധിശാലിയായ പ്രാവിനോട് ചോദിച്ചു. പ്രാവ് പറഞ്ഞു. ' നാളെ വേടൻ വരുമ്പോൾ എല്ലാവരും മരിച്ചതു പോലെ ഭാവിച്ചാൽ വേടൻ നമ്മെ വലിച്ചെറിയും. എല്ലാവരെയും വലിച്ചെറിഞ്ഞ ശേഷം നമുക്ക് ഇവിടെ നിന്ന് രക്ഷപ്പെടാം.' ഇത്തവണ ആ ബുദ്ധിശാലിയായ പ്രാവിന്റെ ഉപദേശപ്രകാരം മറ്റ പ്രാവുകൾ പ്രവർത്തിച്ചതിനാൽ എല്ലാവരുടെയും ജീവൻ രക്ഷപ്പെട്ടു.*

**അനന്തു എസ്**

# *REMEMBER THAT....*

*We can make our nature beautiful*
*The nature give more than beautiful to*
*our life.*
*We can take care to our earth*
*The earth give more than care to us.*

*We can make the whole world happy*
*The whole world give more than happy to you*

*We can save the river, trees, mountains*
*They give more than safety to us.*

*BEFORE ALL THESE,*

*We destroyed the beautiful nature,*
*The beautiful earth, the whole world.*

*REMEMBER,*

*The nature, The earth, The world*
*Can give more than it to us.*


***RAFNA .M***

# സൗരയൂഥം

നമ്മുടെ ഭൂമി ഉൾകൊള്ളുന്ന നമ്മുടെ സൗരയൂഥം അതിനപ്പുറത്തുള്ള അനേകം സൗരയൂഥങ്ങൾ , ക്ഷീരപഥം ഇങ്ങനെ അന്വേഷണങ്ങൾ ഏറെയാണ് സൗരയൂഥത്തെപ്പറ്റി .

പ്രപഞ്ചരഹസ്യത്തിന്റെ ചുരുളഴിക്കാനുള്ള ശ്രമത്തിലാണ് ശാസ്ത്രലോകം അതിനനുകൂലമായ സംഭവം അവർക്ക് കണ്ടെത്താനായി ചൊവ്വയിലും മറ്റും ജലസാന്നിധ്യം കണ്ടുപിടിച്ച ഭൗമേതര ഗ്രഹങ്ങളിൽ ജീവൻ സാന്നിധ്യമുണ്ടോ എന്ന അന്വഷണത്തിലാണ് ശാസ്ത്രലോകം അലയാഴിപോലെ അനന്തമാണ് പ്രപഞ്ചമെന്ന് ബോധ്യമാക്കുന്നു

ഈ പുസ്തകം രചിച്ചത് "പി എം സിദ്ധാർത്ഥ്""




**അനന്തു എസ് , IX A**

# ***ANOTHER CHANCE***

*How often we wish for another chance*
*To make a fresh beginning*
*A chance to blot out are mistakes*
*And change failure into winning*

*It does not take a new day*
*To make a brand new start,*
*It only takes a deep desire*
*To try with all our heart*

*To live a little better*
*And to always be for giving*
*And to add a little sunshine*
*To the world in which were living*

*So never give up in despair*
*And think that you are through*
*For there's always a tomorrow*
*And the hope of starting new*

**Liya Febin**
**IX B**

# തോരാത്തമഴ

സന്ധ്യയ്ക്ക് പുറത്ത് നല്ല മഴക്കാറുണ്ടായിരുന്നു.കുറച്ച് നേരം കഴിഞ്ഞ് അതി ശക്തമായി മഴ പെയ്തു.അമ്മുവിന് പേടിയായി.അവളുടെ അച്ഛനും അമ്മയും ഇതുവരെ ജോലി കഴിഞ്ഞ് വീട്ടിൽ എത്തിയിട്ടില്ല.അപ്പോഴേക്കും കരണ്ടും പോയി.അവൾക്ക് പേടിയായി.തപ്പിത്തടഞ്ഞ് അവൾ റൂമിലെത്തി.വിളക്കെടുത്ത് കത്തിക്കാൻ ശ്രമിച്ചു.പക്ഷെ കാറ്റിന്റെ



തീവ്രത തീ കെടുത്തി.അവസാനം അവൾ പേടിച്ച് വിറച്ച് ഹാളിലിരുന്നു.കുറച്ചു നേരം കഴിഞ്ഞപ്പോൾ ആരോ വാതിലിനുമുട്ടുന്ന ശബ്ദം കേട്ട് അവൾ ചാടി എഴുന്നേറ്റു.അമ്മയും അച്ഛനും ആണെന്നു കരുതി ഓടിച്ചെന്ന് വാതിൽ തുറന്നു.തുറന്നപ്പോൾ അവൾ ഞെട്ടിപ്പോയി.നനഞ്ഞു കുളിച്ച ഒരു പടു വൃദ്ധൻ മുൻപിൽ നിൽക്കുന്നു.അയാൾ അവളോട് ചോദിച്ചു.മോളെ ഞാൻ ഇത്തിരിനേരം ഇവിടെ ഇരുന്നോട്ടെ.അയാൾ തുടർന്നു.എന്നെ മക്കൾക്ക് വേണ്ടാതായി.അതോടെ എന്നെ ഉപേക്ഷിക്കുകയും ചെയ്തു.തലചായ്ക്കാൻ ഒരു ഇടംതേടി പോകുമ്പോളായിരുന്നു ഈ മഴ. അപ്പോൾ കണ്ടത് ഈ വീടുമാത്രമാണ്.അതുകൊണ്ടാണ് ഇവിടേക്ക് വന്നത്.അദ്ദേഹത്തിന്റെ കഥകേട്ട് സഹതാപം തോന്നിയ അവൾ അദ്ദേഹത്തിന് തുടയാക്കാന തോർത്ത് നൽകി.അപ്പോഴേക്കും അവളുടെ അച്ഛനും അമ്മയും വന്നിരുന്നു.അവർ അയാളെ അകത്തേക്ക് കയറ്റി ഇരുത്തി.അദ്ദേഹത്തിന്റെ കഥ കേട്ട് സഹതാപം തോന്നിയ അവർ അദ്ദേഹത്തെ അവരിലൊരാളാക്കി.അദ്ദേഹം പൊട്ടിക്കരഞ്ഞുപോയി.

***അർഷ.എം***

***IX E***

# നാലുമണി പൂ



എന്റെ പൂ തോട്ടത്തിൽ

പൂ ചെടി നട്ടു ഞാൻ

നിത്യവും വെള്ളമൊഴിച്ചു

കൊടുത്തു ഞാൻ

പൂച്ചെടി നന്നായ് തളിർത്തു

വളർന്നുടൻ

പൂവിതൾ കാണാനായ് രാവിലെ

ചെന്നപ്പോൾ മൊട്ടുകളൊന്നും

വിരഞ്ഞതില്ല

നാലുമണിനേരം ചുറ്റും പരിമളം

തോട്ടത്തിൽ ചെന്നു ഞാൻ


നോക്കിയപ്പോൾ

പൂമരം ഒന്നാകെ പൂത്തു

കിടക്കുന്നു . എന്തൊരു ഭംഗിയാ

നാലിമണി പൂ.

തീർത്ഥ .പി.പി



-

# മതിലുകൾ

വൈക്കം മുഹമ്മദ് ബഷീർ രചിച്ച പ്രശസ്ത നോവലുകളിൽ ഒന്നാണ് മതിലുകൾ. കൗമുദി ആഴ്ചപതിപ്പിന്റെ 1964-ലെ ഓണം വിശേഷാൽ പതിപ്പിലാണ് മതിലുകൾ ആദ്യമായി പ്രസിദ്ധീകരിച്ചത്. മലയാളത്തിലെ പ്രശസ്ഥമായ ഒരു പ്രേമകഥയാണിത്. മറ്റു കൃതികളെ പോലെ തന്നെ ആത്മകഥാപരമാണ്. ഈ നോവലും രാഷ്ട്രീയ തടവുകാരനായി ജയിലിലെത്തുന്ന ബഷീർ അവിടെ നേരിടുന്ന ചില അനുഭവങ്ങളാണ് ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നത്. ഒരു മതിലിനപ്പുറത്തുള്ള സ്ത്രീ ജെയിലിലെ നാരായണി എന്ന സ്ത്രീയുമായി പ്രണയത്തിലാവുകയും എന്നാൽ അതൊരിക്കലും സഫലമാവാതെ പോവുകയും ചെയ്യുന്നു. ഒരു നഷ്ട പ്രണയത്തിന്റെ വേദനയാണ് ഈ നോവൽ നമുക്ക് പകർന്ന് തരുന്നത്.

ഇതിലെ നായകൻ ബഷീർ തന്നെയാണ് അദ്ദേഹം ഇതിലെ നായിക നാരായണിയെ ഒരിക്കലും കണ്ടുമുട്ടുന്നില്ലെങ്കിലും അവരുമായി പ്രണയത്തിലായിരുന്നു. രണ്ടുപേരും പരസ്പരം വേർതിരിക്കപ്പെട്ട ജെയിലിലാണ് കഴിയുന്നതെങ്കിലും അവരുടെ പ്രേമത്തിന്റെ തീവ്രതയ്ക്ക് യാതൊരു

ഭംഗവും വരുത്തുന്നില്ല. ഈ നോവലിനെ അടിസ്ഥാനമാക്കി ഇതേ പേരിൽ അടൂർ ഗോപാലകൃഷ്ണൻ 1989 ൽ സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. മതിലുകൾ എന്ന ബഷീർ നോവലിനെ അടിസ്ഥാനമാക്കി M J എന്ന ശിൽപി കരിങ്കല്ലിൽ കൊത്തിയെടുത്ത മതിലുകൾ എന്ന ശിൽപം പാലക്കാട് സുൽത്താൻ കോട്ടയിലുള്ള ശിൽപാവാടിയിൽ സ്ഥിതിചെയ്യുന്നു.

***അനശ്വർ സുരേഷ്***

***9 A***

# കലീല ദിന്ന കഥകൾ

## വായനാ ക്കുറിപ്പ്

കുട്ടികളെ കഥകളിൽ നിന്ന് കഥകളിലേക്ക് ആനയിച്ചു
കൊണ്ട് പോകുന്ന യാത്രപേടകമാണ് കലീല ദിന്ന.
ഭാരതത്തിൽ ജന്മം കൊണ്ട പഞ്ചതന്ത്രം കഥകളെ
ഉപജീവിച് പേർഷ്യക്കാരും അറബികളും രചിച്ചതാണ്
ഈ കഥകൾ.കലീല,ദിംന എന്ന രണ്ടു പേരുള്ള
കുറുക്കന്മാരുടെ
സംഭാഷണത്തിൽ നിന്ന് ഗുണപാഠ കഥകൾ എന്നതാണ്
ഇതിന്റെ സവിശേഷത.ഇ.വി അബ്ദുവിന്റെ പുനരാഖ്യാനം
ഈ കൃതിക്ക് ഒന്നുകൂടി മാറ്റുകൂട്ടുന്നു.

*ഫാത്തിമ നജ*

***9 A***

# ഞാൻ

ഞാനാരെന്ന് അറിയാൻ ഞാൻ കുറേ ആഗ്രഹിക്കുന്നു;,
ആ ചിന്തയിൽ ഞാൻ മുഴകി
എന്നെത്തന്നെമാറ്റിമറിക്കുന്നു.ഞാൻ എന്നത് ഒരു
വ്യക്തിയാണോ? ആത്മാവാണോ?
എന്ന ചോദ്യം എന്നതിൽ നിന്നും മായുന്നില്ല.
ഇരുട്ടിലെ ഒറ്റപ്പെടലിൽ എനിക്ക് ഞാൻ
എന്നെ തന്നെ നഷ്ടപ്പെട്ടുപോകുന്നു.ഞാൻ
ഒറ്റപ്പെടുന്ന വേളയിൽ ഞാൻ എന്നോട് തന്നെ
ചോദിക്കുന്നു 'ഞാനാര് '? തൂലികയിൽ നിന്നുള്ള
എഴുത്തിൽ ഞാൻ എന്നെ തന്നെ മറക്കുന്നു.
എന്തെന്നറിയില്ല ഞാൻ എന്ന ചോദ്യത്തിന്
ഉത്തരമില്ല.ദിവസങ്ങൾ കഴിഞ്ഞുപോകുന്നു ഒരു
പ്രതീക്ഷയുമില്ലാതെഒറ്റപ്പെടുന്നു എന്നാലും ചില
വിശ്വാസളിൽ ഞാൻ.....

***അതുൽ വൈശാഖ്***

***9 E***

# *English Proverbs*

1. *The Pen Is Mightier Than The Sword*
2. *When in Rome, do as the Romans*
3. *A picture is worth a thousand words*
4. *Many heads many minds*
5. *Beauty is in the eye of the beholder*
6. *Quick believers need broad shoulders*
7. *It is no use buildings ashes in the air*
8. *To be good the world appears good*
9. *Do not bite the hand that feeds you*
10. *Birds of a feather flock together*
11. *The more haste the worse speed*
12. *A honey tongue a heart of gall*

**Devapriya P**
**9 A**

# INTERNET

In 1963, the Advanced Research Project Agency[ARPA] unit, set up by the U S Defence Department, began to build a computer network. Driven fear of the soviet nuclear treat, it aimed to link computers at different locations, so researchers could share data electronically without having fixed routes between them, making the system vulnerable to attacks ever nuclear ones

Data was converted into telephone signals using a modem (modulator–demodulator), developed at AT and T in the late 1950s. In the 1960s, key advanced were made, including “packet switching”- the system of packaging, labelling and routing data that enables it to be



delivered across the network between machines. Paul Barn (b.1926) proposed this system, which broke each message down into tiny chunks. These would be fired into the network, which would then route ("switch") the various pieces to the desired destination. So, if chunks of a message where travelling from settle to New York via Dallas, but Dallas suddenly went offline, the network would automatically route via Denver instead. Different parts or - "packets" - of a message would go by different routes, before being reassembled back into the original message at their destination, even if they arrived in the wrong order. Barn published his concept in 1964, and five years later the new network called ARPANET – went live.

*As the threat of nuclear war receded in the early 1970s, ARPANET was renamed the internet and effectively opened to all users. Since then, the department of e-mail, the creation of the World Wide Web, and browser technology has enabled the internet to become a rich communication facility.*

**Devika K**
**9 A**

# റോബോട്ടുകളുടെ ലോകം

***വർക്കി പട്ടിമറ്റം എഴുതിയറോബോട്ടുകളുടെലോകം ശാസ്ത്രം***

*ഓരോ ചുവട് മുമ്പോട്ട് വെക്കുമ്പോഴും റോബോട്ടും മനുഷ്യനും തമ്മിലുള്ള അന്ത രം കുറയുന്നു. മനുഷ്യജീവിതത്തിന്റെ സമ സ്ത മേഖലകളിലും വിഹരിക്കുന്ന ഈ യന്ത്രജീവിക്ക് കരുത്തുപകരാൻ നൂതന ടെക്നോളജികളി ലൂടെ റോബോട്ടിക്ക് എൻജിനീയർമാർ*




*ശ്രമിച്ചുകൊണ്ടേയിരി ക്കുന്നു. റോബോട്ടിക്സിലെ ഉപരിപഠന- തൊഴിൽ മേഖലകളെയും പരിചയപ്പെടുത്തുന്നു*

**കദീജ തസ്നി 9 B**

# USB Connection

Long term computer users will be all too familiar with the frustration of having to switch off and reboot their machines. Thanks to USB [Universal Serial Bus] connectivity, however, this scenario has become, largely a distant memory. These days, almost every device you plug into a computer, such as a printer or a scanner, comes complete with a USB connector, instead of a card that the machine has to learn to recognise in a lengthy installation process.

The impetus behind the USB was toward a future where you could connect any device to any computer, using any port because all the ports and



plugs would match. The universal three pronged "trident" symbol is used on all plugs and socket to indicate USB functionality. The reality of course is that there are still a few rogue devices that do not confirm but now all PCs are made with USB ports as standard.

The first USB interconnect [USB 1.0] appeared in the mid 1990. today's USB 2.0 connections allow data transfer to occur at ten times the speed users expected of older types of connectors.

The next step will be to do away with physical connections altogether. In 2007 the USB- IF announced significant progress in wireless USB communications. Wireless USB will work like a small scale wife network so that your printer can be placed unconnected anywhere you like in the room.

**Devapriya**
**IX – A**

# സ്ത്രീകളിലെ മദ്യപാനം

മദ്യപാനം എന്ന വിപത്ത് ഒരു അലങ്കാരമായി അല്ലെങ്കിൽ ഒരാഘോഷമായി നമ്മുടെ സ്ത്രീകളിലും കടന്നു കുടിയിട്ടുണ്ട് എല്ല ശ്രേണിയിലുള്ളസ്ത്രികളും മദ്യപാനശീലരാകാം പലപ്പോഴും മദ്യത്തോടൊപ്പം മറ്റ് ലഹരിപതാർതങ്ങൾ ഉപയോഗിക്കാൻ



ഇവർ നിർബന്ധിതരാവുന്നു . NATIONAL BIRTH DEFECTS STUDY പ്രകാരം 30.3% സ്ത്രീകൾ ഗർഭാവസ്ഥയിൽ മദ്യം ഉപയോഗിച്ചിട്ടുണ്ടെന്നും. 8.3% മദ്യം ഉപയോഗിക്കിച്ച് അതിന് അതിന്അടിമപ്പെട്ടവരാണ്. PRAMS സർവെ പ്രകാരം ഇന്ത്യയിൽ ഗർഭാവസ്ഥയ്ക്ക് മുൻപ് 50% ത്തിൽഏറെ പേർ

മദ്യം ഉപയോഗിക്കുന്നതായികണ്ടുവരുന്നു. ചുരുക്കത്തിൽ ഭാരത സ്ത്രീകൾ മദ്യത്തിന്റെ ഉപയോഗം പഠനങ്ങൾ പ്രകാരം നിസംശയം സ്ഥിരികരിക്കപെടുപ്പെടുന്നു ഗർഭകാലത്ത് മുൻപോ പിൻപോ മദ്യത്തിന് സുരക്ഷിതമായ ഒരു അളവുക്കോൽ നിർണ്ണയിക്കപ്പെട്ടില്ല എന്നതാണ് മുഖ്യം അതിനാൽ പോകുന്ന കുഞ്ഞിനെക്കുറിച്ച് കരുതലുള്ള അമ്മമാർ സമ്പൂർണ്ണ മദ്യ വർജ്ജനം തന്നെ

ചുരുക്കത്തിൽ ഗർഭാവസ്ഥയ്ക്ക് മുൻപോ പിൻപോ എല്ല രിതിയിലും ഉള്ള മദ്യപാനവും സ്ത്രീകൾ വർജ്ജിക്കണം .ഒരു ബ്രാൻഡിലുമുള്ള ഒരു മദ്യവും സുരക്ഷിതമല്ല എന്ന സത്യവും സ്ത്രീകൾ അറിഞ്ഞിരിക്കണം പിറക്കാൻ പോകുന്ന കുഞ്ഞിനെക്കുറിച്ച് കരുതലുള്ള ഓരോ അമ്മമാരും മദ്യത്തെ തന്റെ ജിവിതധാരയിൽ നിന്ന് ഒഴിവാക്കി വരും മദ്യത്തെ തന്റെ ജീവിതധാരയിൽ നിന്ന് ഒഴിവാക്കി വലിയൊരു സാമൂഹിക വിപത്ത് ഒഴിവാക്കേണ്ടതാണ്

**ആര്യ.കെ**

**IX.C**

# POSSIBILITIES OF INFORMATION TECHNOLOGY IN SCHOOL EDUCATION

*Swami vivekanandha said education is the most powerful weapon which can used we change the world in this time this is an education for in formation technology [IT] in one possibility of*



*an IT class in a school is Smart class room is one of the possibilities in information technology in school education in a possibility is the students can understand the technology of computer easily. The students can understand the lessons easily.*

*Because they can used the computer. We know that some videos and picture we can see how to study that. Who invented computer? CHARLES BABBAGE. He is the father of computer we said a big thanks to invent the computer. The smart class rooms is a big turn of the possibility of information technology. We see how to study the lesson and chapter in maths the angle how is we study. Yes we study that. We use the computer or our smart class rooms. This is an import turn of possibilities of information technology in school education.*

*We can see how to study the lesson and the chapters. In maths that is we want to study that. The angle how is we study that? Yes. We study that we use the computer or our smart class rooms it can be used that our IT skills is improve and our technology is improve our typing skills is improve: our IQ level is improve and our brain is improve and our ideas is also improve. We know the control key. We know the computer key board and we know all the computer and we can study our lessons and we can also study our smart class rooms and computer. This is the best and always idea of the computer our smart class rooms is used to that to increase the IQ of students and we can do one thing we study computer and our lessons. This is an important thing of possibilities of information technology in school education. We can study lessons and we can also study lessons in computer or smart class rooms. We can do to study. That we can want the how to make the circle we can see that in the smart class rooms and computers. These all are the possibilities of information technology in school education.*

**Anaswar Suresh**
**IX A**

# മഴച്ചൊല്ലുകൾ


- മഴയില്ലെങ്കിൽ വഴി പെരുവഴി
- മഴക്കൊമ്പ് പുഴക്കൊമ്പ്
- മഴ താഴോട്ടില്ലേൽ പുഴ കീഴോട്ട്
- ആയിരം വേനലിന് അരമഴ
- ഇടവത്തിലിടിവെട്ടും മിഥുനത്തിൽ അടിതട്ടും
- ഇടവത്തിൽ പാതി വർഷം
- അശ്വതീൽ ചനാം ചന്നം ഭരണീൽ പിന്നം പിന്നം
- കാർത്തിക കഴിഞ്ഞാൽ കുട വേണ്ട
- കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും പൊന്ന്
- ചിങ്ങമഴ ചിരിച്ചും കരഞ്ഞും
- ചോതി വർഷിച്ചാൽ ചോറോട്ട ചോറ്

- തെക്കോട്ടടിച്ച മഴ തിരിച്ചില്ല
- പുണർമഴ പുളിപ്പിക്കും
- മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും
- മീനത്തിലെ മഴയ്ക്ക് മീനിനും ഇരയില്ല
- കന്നിമഴയിൽ കുന്നോളം
- ധനുമഴ വന്നാൽ  നടുതല പോക്ക്
- പെരുമഴ പെരുമ്പറ കൊട്ടി

*ആതിര കെ എ*

*IX A*

# ഒരു കുടയും കുഞ്ഞുപെങ്ങളും



പുസ്തകത്തിന്റെ പേര്:ഒരു കുടയും കുഞ്ഞുപെങ്ങളും

രചയിതാവ്:- മുട്ടത്തുവർക്കി.

മലയാള സാഹിത്യത്തിൽ എന്നും തിളങ്ങി നിൽക്കുന്ന രചനയാണ് ഒരു കുടയും കുഞ്ഞുപെങ്ങളും.സ്നേഹബന്ധങ്ങളുടെ മഹത്വത്തിലേക്ക് കുട്ടികളെ കൈപിടിച്ചാനയിക്കുന്ന ഈ കഥയും ഇതിലെ കഥാപാത്രങ്ങളും ഇന്നും ഓരോ മനസ്സിലും ജീവിക്കുന്നു. കേരളത്തിന്റെ പ്രിയപ്പെട്ട ജനപ്രിയ എഴുത്തുകാരനായിരുന്ന മുട്ടത്തുവർക്കിയുടെ ലളിതവും സുന്ദരവുമായ ആഖ്യാനരീതി കുട്ടികളെയും ഒരുപോലെ ആകർഷിക്കും.

പ്രധാന കഥാപാത്രങ്ങൾ:ലില്ലി,ബേബി,ഗ്രേസി,മാമിതള്ള, സൗദാമിനി,ശോശാമ്മ,ഗോപി,ജോൺ,മോളി,ജോയി.

ലില്ലിയും ബേബിയും അനാദരാണ്.അവരുടെ മാതാപിതാക്കൾ മരിച്ചുപോയി.അവൾ അവരുടെ പേരമ്മയുടെ കൂടെയാണ് താമസിക്കുന്നത്.പേരമ്മ വളരെ ദുഷ്ടയായ സ്ത്രീയാണ്.മഴ പെയ്തപ്പോൾ ലില്ലി നനഞ്ഞു.ലില്ലിയെ കുടയുടെ കീഴിൽ കയറ്റാതെ ഗ്രേസിയുടെ തല ബേബി എറിഞ്ഞ് പൊട്ടിച്ചു.എന്നിട്ട് ബേബി ലില്ലിയോട് കുട വാങ്ങിതരാമെന്ന് പറഞ്ഞ് ദൂരേക്ക് പോകുന്നു.

അവൻ ഒരു വലിയ പട്ടണത്തിൽ എത്തുന്നു.ഓരോ കാരണം പറഞ്ഞ് പേരമ്മ ലില്ലിയെ തല്ലി അതുകൊണ്ട് ലില്ലി വീട് വിട്ട് ഇറങ്ങുന്നു.ഒരു വലിയ ഡോക്ടർ അവളെ കണ്ട് കാറിൽ കയറ്റി അവരുടെ മകളായി സ്വീകരിച്ച് ബംഗ്ലാവിലേക്ക് കൂട്ടികൊണ്ടുപോകുന്നു.ബേബിയെ സൗദാമിനി ടീച്ചർ വീട്ടിലെ വേലക്കാരനായി കൂട്ടിക്കൊണ്ടുപോകുന്നു.പക്ഷേ സൗദാമിനി ടീച്ചർക്ക് ബേബി സ്വന്തം അനിയനെപോലെയായിരുന്നു.പിന്നീട് അവിടെ നടക്കുന്ന സംഭവവികാസങ്ങളാണ് ഈ കഥയുടെ പ്രമേയം.

അഭിപ്രായം:വളരെ നല്ലൊരു നോവലാണ് ഒരു കുടയും കുഞ്ഞുപെങ്ങളും.ഒരു സഹോദരൻെറയും സഹോദരിയുടെയും സ്നേഹത്തിൻെറ കഥയാണിത്.ഞാൻ ഈ ബുക്ക് വാങ്ങിയപ്പോൾ വലിയ കട്ടിയുള്ളതുകൊണ്ട് ഇത് വായിക്കണ്ട എന്നു വിചാരിച്ചു. പിന്നെ ഞാൻ കുറച്ച് ഭാഗം വായിച്ചപ്പോൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.അതുകൊണ്ട് ഞാൻ ഈ ബുക്ക് മുഴുവൻ വായിച്ചു.അപ്പോൾ എനിക്ക് തോന്നി.ഞാനിത് വായിച്ചില്ലെങ്കിൽ ഇത്രയും മനോഹരമായ അറിവും,വാക്ക് ഭംഗികളും,സഹോദരീ സഹോദര സ്നേഹം മനസ്സിലാക്കാൻ പറ്റില്ലായിരുന്നു.ഈ കഥ 1 തവണ വായിച്ചാൽ നമുക്ക് മതിയാവില്ല പിന്നെയും വായിക്കാൻ തോന്നും.അത്രയും രസകരമായ കഥയാണിത്.അതുകൊണ്ട് എല്ലാവരും ഇത് വായിക്കാൻ ശ്രമിക്കുക.

*അതുൽ വൈശാഖ്, IX E*

# ചെറുശ്ശേരി

കാവ്യഗുണം കൊണ്ട് മികച്ചുനിൽക്കുന്ന ഒരു മധ്യകാല മലയാള കൃതിയാണ് കൃഷ്ണഗാഥ. ഈ കൃതിയുടെ കർത്തൃത്വം ഒട്ടേറെ




വാദപ്രതിവാദങ്ങൾക്ക് വിഷയമാണ്. ഭാഷാപരിത്ര കർത്താവായ പി. ഗോവിന്ദപ്പിള്ളയാണ് കൃഷ്ണഗാഥയ്ടെ കർത്താവാരെന്ന് ആദ്യമായി കണ്ടെത്തിയത്. ഉത്തരകേരളത്തിലെ കുറുമ്പ്രനാട്ടു താലൂകിലെ വടകരയിലുള്ള ചെറുശ്ശേരില്ലത്തെ ഒരു നമ്പൂതിരിയാണ് കൃഷ്ണഗാഥാകർത്താവെന്നായിരുന്നു ഗോവിന്ദപ്പിള്ളയുടെ കണ്ടത്തൽ. ഈ നമ്പൂതിരി കോലത്തു നാട്ടിലെ രാജാവായിരുന്ന ഉദയ വർമ്മയുടെ ആശ്രിതനായിരുന്നെന്നും ഭാഷാചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട.

കൃഷ്ണഗാഥയുടെ ഏകാണം വരികളിൽ ഗാഥാനിർമാണ

*ത്തിനുള്ള കാരണം വ്യക്തമാക്കുന്നുണ്ട്.ഇത്ഗോവിന്ദപ്പിള്ളയുടെ അഭിപ്രായത്തിന് മതിയായ തെളിവാണ്.ഉദയർകോലത്തിരിയുടെ ഭരണക്കാളത്തെ സംബദ്ധിച്ച് ലഭ്യമായ തെളിവുകളുടെ അടിസ്ഥനത്തിൽ കൊല്ല വർഷം 650 നും 750 നും ഇടയിൽ ആണ് ചെറുശ്ശേരി ജീവിച്ചിരിക്കുന്നതെന്ന് കരുതുന്നു.ഭാഗവതം ദശമസ് കന്ധത്തിലെ ആധ്യത്മിക പ്രബോധനങ്ങൾ കഴിയുന്നത്ര കുറച്ച കവിതാംശത്തിനും കൂടുതൽ പ്രധാന്യം നൽകി. ആർക്കും വായിച്ചു രസിക്കാൻ പാകത്തിലാണ് കൃഷ്ണഗാഥയുടെ രചന.കൃഷ്ണന്റെ അവതരം മുതൽ സ്വർഗാരോഹണം വരെയുള്ള അതഭുത കഥകൾ വർമിച്ച് കൃഷണലീലയിൽ കൂടി ജനതയെ ആകർശിക്കുവാൻ ചെറുശ്ശേരിക്കു കഴിഞ്ഞു.*

**സുഹൈൽ**

**IX C**

# ടോട്ടോചാൻ

തെത്സുകോ കുറോയാനഗി എന്ന ജപ്പൻ എഴുത്തുകാരിയുടെ ആത്മകഥയാണ് ടോട്ടോചാൻ തെത്സുകോ എന്ന ആറുവയസ്സുകാരിയുടെ വികൃതികൾ സഹികെട്ട വിദ്യാലയത്തിലെ ആധ്യാപിക, അവളുടെ അമ്മയോട് പരാതി പറയുന്നതാണ് തുടക്കം. മയത്രുമല്ല, തെത്സുകോ എന്ന യാഥാർത്ഥ നാമത്തേക്കാൾ അവൾക്കിഷ്ടം വിളിക്കാൻ ടോട്ടോചാൻ എന്ന




വിളിപ്പേരാണ് പറയുക. വികൃതികാരണം അവളെ ആസ്കൂളിൽ

*നിന്നും വേറെ ഒരു സ്കൂളിലേക്ക് മറ്റി. ആത് ഒരു സാധാരണ സ്കൂൾ ആയിരുന്നില്ല. പഴയ തീവണ്ടി ബോഗികൾ മത്രം. അവിട്ടത്തെ ഹെഡ്മാസ്റ്റർ ആളൊരു രസികനാണ്.അദ്ദേഹത്തിന്റെ പേര് കൊബായാഷി എന്നാണ്. എല്ലാകുട്ടികൾക്കും അദ്ദേഹത്തെ വളരെ ഇഷ്ടമാണ്. ആ സ്കൂളും, മറ്റ കുട്ടികളെ പോലെ തന്നെ ടോട്ടോചാനും ആസ്കൂൾ വളരെ ഇഷ്ടപ്പെട്ടു. കാരണം പഴയ സ്കൂളിലെ പോലെ വലിയകെട്ട് പുസ്തകങ്ങളുന്നും ഈ സ്കൂളിൽ ഇല്ല. മാത്രമല്ല, അളുടെ കൊച്ചു കൊച്ചു വികൃതികൾക്ക് ചീത്ത പറയുന്ന ടീച്ചർ മാരുമല്ല. അവൾക്കു നല്ല നല്ല കൂട്ടുകാരെയും കിട്ടി. എന്തുകൊണ്ടും പഴയ സ്കൂളിനേക്കാൾ എത്രയോ നല്ല സ്കൂൾ പുതിയതു തന്നെ. അതായിരുന്നു പിന്നെ അവളുടെ ചിന്ത.*


*ടോട്ടോചാൻ എന്ന തെത്സുകോകുറോയാനഗിയുടെ ആത്മകഥയാണിത്. എനിക്ക് ഈ പുസ്തകം വളരെ ഇഷ്ടപ്പെട്ടു. തൻെറ ജീവിതം വളരെ രസകരമായി എഴുതാൻ അവർക്ക് കഴിഞ്ഞു. കുട്ടിക്കാലം മാത്രമല്ല മുതിർന്നതിനുശേഷമുള്ള കാര്യങ്ങളും അവർ വിവരിച്ച് എഴുതിയിട്ടുണ്ട്. തൻെറ പ്രിയപ്പെട്ട കൂട്ടുകാരനായ യാസ്വാകി ചാൻ മരിച്ചത് അവളുടെ ജീവിതത്തിലെ ഒരു ദുഖപൂർണമായ സംഭവമായിരുന്നു എന്നും പറഞ്ഞിട്ടുണ്ട്.*

**അശ്വതി.ഒ.ടി**
**9 A**

# ദെർസു ഉസാല

റഷ്യൻ യാത്രികനും സൈനികനും ഭൂമിശാസ്ത്രജ്ഞനുമായിരുന്ന വ്ളാദിമിർ ആഴ്സനേവ് തന്റെ ശാസ്ത്രീയ പര്യവേക്ഷണങ്ങളുടെയും ഭാഗമായി നടത്തിയ യാത്രയുടെ കുറിപ്പുകളാണ് 'ദെർസും ഉസാല' 1902 നും 1930 നും ഇടയിൽ അദ്ദേഹം സൈബീരിയൻ ഫാർ ഈസറ്റിലൂടെ ഒരു ഡസനോളം യാത്രകൾ നടത്തി.ഈ യാത്ര കളിലൊന്നിലാണ് ഗോത്രവർഗ്ഗക്കാരനായ ദെർസുഉസാല എന്ന വേട്ടക്കാരനെ അയാൾ പരിചയപ്പെടുന്നതും അടുത്ത സുഹൃത്തുക്കളാവുന്നതും കാടിനെകുറിച്ചും പ്രകൃതിയെകുറിച്ചു ജീവജാലങ്ങളെക്കുറിച്ചുമെല്ലാം ഒരുതരം മാന്ത്രികമായദർശനം വച്ചു പുലർത്തിയ ദെർസുവിനോടൊത്തുള്ള അനുഭവങ്ങൾ ഒരു കഥ പറയുന്ന ചാരുതയോടെയാണ് ആഴ്സന്യേവ് ആവിഷകരി-ച്ചത്. അവർ ഒരുമിച്ച് നടത്തിയ മൂന്ന യാത്രകളാണ് ഈ പുസ്ത-കത്തിനൽ അവതരിപ്പിച്ചിട്ടുള്ളത്.തികച്ചും യാദൃശ്ചികമായിക്കിട്ടി-യ ആവഴികാട്ടി ആഴ്സന്യേവിന്റെ ഗുരുവും ആരാധനാപാത്രവുമായി വളർന്നു.പ്രകൃതിയിൽ അലിഞ്ഞ ഒരു മനുഷ്യനായിരുന്നു ദെർസു. സൂക്ഷ്മമായി പ്രകൃതിയെനിരീക്ഷിക്കുന്നതിൽ അയാൾക്ക് ഒരു പ്രത്യേക പാഠമുണ്ടായിരുന്നു. പ്രകൃതിയെ പറ്റിയുള്ള പാഠങ്ങൾ. അയാൾ അവരെ പഠിപ്പിച്ചു പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന കടന്നു കയറ്റത്തിന്റെ ദുരന്തങ്ങളും' ദെർസു ഉസാല'യിൽ ആഴ്സന്യേവ് അവതരിപ്പിക്കുന്നു.റഷ്യയിലെ വിവിധ ജനവി-

ഭാഗങ്ങളെപ്പറ്റിയും ജൈവവൈവിധ്യത്തെപ്പറ്റിയും ഈ കൃതിയിൽ




പറയുന്നുണ്ട്.സാഹസികതയും വൈഷമ്യങ്ങളും നിറഞ്ഞ ഈ

യാത്രാക്കുറിപ്പുകൾ ഒരു സിനിമയിലെന്ന പോലെ ദൃശ്യങ്ങൾ നമുക്ക് മുന്നിൽ വരച്ചിടുന്നു


റഷ്യക്ക് പുറത്ത് അധികം പ്രസിദ്ധമല്ലാത്ത കൃതിയാണ് ദെർസു ഉസാല.ഈ പുസ്തകത്തിന്റെ അവതരണ ശൈലികണ്ട് നോവലാണെന്ന് പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. പ്രശസ്ത ജാപ്പനിസ് ചലച്ചിത്രകാരൻ അകിരകുറോസാവയുടെ സിനിമയ്ക്ക് ഈകൃതിഅവലംബമായിട്ടുണ്ട.പത്ര പ്രവർത്തകനും ചിത്രകലാനിരൂപകനുമായ ശ്രീ.പി.സുധാകരന്റെ വിവർത്തനം കൃതിയെ കൂടുതൽ ഹൃദ്യമാക്കുന്നു.

**അശ്വതി ഒ ടി**

**IX A**

# അഗ്നിച്ചിറകുകൾ

മിസൈൽ ടെക്നോളജി വിദഗ്ദനായ ഇന്ത്യൻ ശാസ്ത്രജ്ഞൻ എ.പി.ജെ അബ്ദുൽ കലാമിന്റെ ആത്മകഥ. പ്രതിരോധ ശാസ്ത്രജ്ഞനെന്ന നിലയിൽ ഇന്ത്യയുടെ പരമോന്നതബഹുമതിയായ ഭാരതരത്നം ലഭിച്ച സമാനതകളില്ലാത്ത വ്യക്തിത്വത്തിനുടമയാണ് അബ്ദുൽകലാം.



**അദ്ദേഹത്തിൻെ വ്യക്തിപരവുംഔദ്യോഗികവുമായ ഉയർ ച്ചയുടെയും നിസ്തുലമായ സേവനങ്ങളുടെയും കഥ പറയയു ന്നതോടൊപ്പം നമ്മുടെ രാജ്യത്തെ അന്താരാഷ്ട്ര നിലവാര മുള്ള ഒരു മിസൈൽ ശക്തിയുടെതലത്തിലേക്ക ഉയർത്തി യ അഗ്നി,പൃഥി,ആകാശ്,ത്രിശൂൽഎന്നീ വിവിധ ഘട്ടങ്ങളെ കുറിച്ച് തികച്ചും അധികാരികവും വിജ്ഞാന പ്രദവുമായി വിവരിച്ചിരിക്കുന്നു.അബ്ദുൽകലാം ഏറെ മമത പുലർ ത്തിയിരുന്നു.അദ്ദേഹം പ്രാതിനിധ്യം വഹിക്കുന്ന സാധാര ണക്കാരുടെസമൂഹത്തിന് ഉത്തേജനവും ആത്മവിശ്വാസ വും.പകരും വിധം അദ്ദേഹത്തിന്റെ ഉയർത്തെഴുന്നേൽ പ്പിന്റെ ചരിത്രം ആലേഖനം ചെയ്തിരിക്കുന്നു**

**(വായനാക്കുറിപ്പ്)**

**സന ഫാത്തിമ .K**

# കാത്തിരിപ്പ്

*ഇന്നലെ രാത്രിയിൽഎൻ വിരൽത്തുമ്പിലാ*
*സ്പർശന മാധുര്യം ഞാനറിഞ്ഞു*
*നിദ്രയിൽ ആ നേരം ഞാൻ കണ്ട സ്വപ്നത്തിൽ*
*ആയിരം വർഷം ഞാൻ ഒന്നുചേർന്നു*
*നിൻ കിളി കൊഞ്ചലും എൻ ഹൃദയ താളവും*
*ഒത്തു ചേർന്നപ്പോൾ സംഗീതമായി*



*സംഗീതസാന്ദ്രമാം ആ നിമിഷങ്ങളിൽ*

*പ്രകൃതിയും നമ്മോടു ചേർന്നുപാടി*
*നിൻ മടിത്തട്ടിൽ  തല ചായ്ച്ചിരിക്കവേ*
*നിദ്രയിലേക്ക് ഞാൻ ആണ്ടു പോയി*
*നിദ്രയിലെപ്പൊഴോ ഞാനറിയാതെ നീ*
*എന്നിൽ നിന്നും വീണ്ടും അകന്നു പോയി*
*നിദ്രയില്‍ൽ നിന്നുമെൻ മിഴികൾ തുറന്നപ്പോൾ*
*കൺമുന്നിൽ നിന്നെല്ലാം മാഞ്ഞുപോയി*
*ഞെട്ടിയെഴുന്നേറ്റു ചുറ്റും ഞാൻ നോക്കവേ*
*ഗ്രഹിച്ചു ഞാൻ എല്ലാമെൻ സ്വപ്നമല്ലോ*
*എങ്കിലും പ്രിയേ കാത്തിരികുന്നു ഞാൻ*
*എൻ സ്വപ്ന സാഫല്യ നിമിഷത്തിനായ്*

**സച്ചിൻ.പി**

**9 A**

# ആടുജീവിതം

മധുരമായ ഗദ്യം, അനുഭവ തീവ്രമായ പ്രമേയം മലയാളിത്തം എല്ലാം ഒത്തിണങ്ങിയ നോവലാണ് ബെന്യാമിന്റെ ആടുജീവിതം മരുഭൂമിയുടെ വിഭ്രമായ സൗന്ദര്യം, മരുലോകത്തിന്റെ സവിശേഷതകൾ മലയാള നോവലിൽ ഇത്ര ആഴത്തിൽ ഇതിനുമുമ്പ് രേഖപ്പെടുത്തിയിട്ടില്ല മലയാള സാഹിത്യത്തേയും ഭാഷയേയും ഈ നോവലിനെ ഏറെ ഉയരത്തിൽ എത്തിച്ചേരുന്നു. അനുഭവങ്ങളുടെ വശ്യതയിലും കലാന്മയിലും ഗ്രിഗറി ഡേവിഡ് നേബൾട്ടിന്റെ ശാന്താറാം എന്ന നോവലിനെ അതിശയിക്കുന്ന നോവലാണ് ബെന്യാമിന്റെ ആടുജീവിതം ജീവിതത്തിൽ നിന്ന് വീതിച്ചെടുത്ത ഒക്കെയും പോരമർക്കുന്ന ജീവിതം തന്നെയാണ്ആടുജീവിതംസഹൃദയരായ വായനക്കാർ മാത്രമല്ല ജീവിതത്തിന്റെ സമസ്തതലങ്ങളിലും ഉള്ള മുഴവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകം എന്ന് ഈ കൃതിയെ ഒട്ടും അതിശയിക്കില്ലാതെ വിശേഷിപ്പിക്കാം. എന്നെ വിസമയിച്ച മലയാള നോവൽ.

*മിസ്ന*

*IX D*




# ഞാനിവിടെയുണ്ട്

## പി.മധുസൂദനൻ

പ്രശസ്ത കവി പി.മധുസൂദനന്റെ കവിതയാണ് ഞാനിവിടെയുണ്ട് കാവ്യഭംഗിക്ക് കോട്ടം തട്ടാതെ ശാസ്ത്രീയമായ ഉൾക്കാഴ്ചയോടെയാണ്. മധുസൂദനൻ കവിത എഴുതുന്നത് തന്റെ ചുറ്റുപാടുള്ള പുല്ലും കല്ലും മാവും മാവും,പൂവു നോവും ചിരിയും എല്ലാറ്റിനു അദ്ദേഹം കവിത കാണുന്നു. മധുസൂദനന്റെ കവിതകൾ അവ വായിക്കുന്ന എല്ലാവർക്കും ബോധ്യമാവും

പ്രക്രതിയെ ആധാരമാക്കിയുള്ള ഒരു കവിത തന്നെ യാണിതും പ്രക്രതിയിലെ എല്ലാ സർവ്വചരാചരങ്ങളും പറയുന്ന ഞാനിവിടെയുണ്ട് എന്ന് ഞാനിവിടെയുണ്ടെന്നു കടൽ പറഞ്ഞു അതുതന്നെയാറുകൾ പർവ്വതങ്ങൾ!

വർണ്ണങ്ങളാലും തിരകളാലും,നാളും ചലനാമിതുകളാലും

അങ്ങനെ മറ്റുപലതിനാലും താനമുണ്ടിങ്ങെന്ന ചൊലി

ടുന്നു പലതും പലപാട്ടും ചുറ്റുപാട്ടും

വായിച്ചു രസിക്കാവുന്ന കവിതയായാലും പല

പല അർത്ഥങ്ങൾ ഇതിൽ ഒളിച്ചിരിക്കുന്നുണ്ട്. കുട്ടികൾക്ക്

ചൊല്ലി രസിക്കാൻ പറ്റാവുന്ന കവിതയാണ് ഞാനിവിടെ

യുണ്ട് പ്രക്രതിയെ ആധാരമാക്കിയിട്ടുള്ള വളരെ

എളുപ്പത്തിൽ പാടാൻ കഴിയുന്നതുമാണ് പി.മധുസൂദനൻെറ

ഞാനിവിടെയുണ്ട്

***ഫാത്തിമ നജ***

***IX C***

# ബസ്റയിലെ

# ലൈബ്രേറിയൻ

ജേനറ്റ് വിൻെറർ എന്ന സാഹിത്യകാരൻെറ പ്രശസ്തമായ ഒരു കഥയാണ്'ബസ്റയിലെ ലൈബ്രേറിയൻ'.ഇത് മലയാളത്തിലേക്ക പരിഭാഷപ്പെടുത്തിയത് വി.കെജയ്സോമനാഥനാണ്.ഇത് ഇറാഖിൽ നടന്ന ഒരു യഥാർത്ഥ കഥയാണ്

ഇറാഖ് യുദ്ധത്തിൽ നുറുക്കിന് മനുഷ്യർ

കൊല്ലപ്പെടുക മാത്രമല്ല ,അനേക നൂറ്റണ്ടുകളി



ലൂടെ കടന്നു പോന്ന ഒരു പുരാതന സംസ്കാരംനശിപ്പിക്കപ്പെട്ടുക

ക്കുടിയായിരുന്നു. എന്നാൽവെടിപ്പുകളുടെയും ബോംബ്

സ്ഫോടനങ്ങളുടേയും നടുവിൽ ബസറയിലെ ആലിയാ

മുഹമ്മദ്ബക്കർ എന്ന വനിത ലൈബ്രേറിയൻ

വിലമതിക്കാനാവാത്ത പൈതൃകം

സംരക്ഷിക്കുകയായിരുന്നു.നാളേയ്ക്കു വേണ്ടി നാളത്തെ തലമുറയ്ക്കു

വേണ്ട ഇറാഖിൽ നിന്നും ഒരു യഥാർത്ഥ കഥയാണിത്.

***അക്ഷയ് പി***

***IX E***



# ലഹരിയിലെ കാഴ്ച്ചപ്പാട്

മദ്യം,മയക്കമരുന്ന്,പുകയില,പാൻമസാല തുടങ്ങിയ ലഹരിപദാർഥങ്ങൾ വ്യക്തികളേയും കുടുബങ്ങളേയും ആരോഗ്യ-പരമായും സാമ്പത്തികമായും സമൂഹികമായും സാംസ്കാരികമായും നശിപ്പിക്കുന്ന സാമൂഹിക ആപത്താണെന്ന് ഞാൻ മനസ്സിലാ-ക്കുന്നു.ആയതിനാല് ഏതെങ്കിലും ലഹരിപദാർഥങ്ങൾ ഉപയോ-ഗിക്കുകയോ അത് ഉപയോഗിക്കാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുക-യോ ചെയുകയില്ലെന്നും ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത് എന്റേതായ കടമകൾ നിറവേറ്റുമെന്നും ലഹരി വിമുക്തസമൂഹത്തിനായി പ്രയത്നിക്കുമെന്നും ഞാൻ ഇതിനാൽ-പ്രതിജ്ഞ ചെയ്യുന്നു.

ഷാഹിൽ പി കെ

IX-E

# ഭൂമിയുടെ അവകാശികൾ

വൈക്കം മുഹമ്മദ് ബഷീർ

തന്റെ യൗവനത്തിലെ പ്രബലമായിരുന്ന ഏക ലോകാശയവും മനുഷ്യ സഹോദര ബോധവും ബഷീറിനെ ഏറെ സ്വാധീനിച്ചിട്ടുണ്ട്എന്നതിന്



സംശയമില്ല.ഞാൻ എല്ലാ ജാതിക്കാരുമായും ജീവിച്ചിട്ടുണ്ട് എന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. ശ്രീമാന്മാർ അതെല്ലാം അശ്ലീലമാണെന്നെ കണ്ടുള്ളൂ.ആഹാരവും രതിയും മനുഷ്യ കച്ചവടത്തിന്റെ മൗലിക ഘട്ടങ്ങളാണെന്ന് നാം തിരിച്ചറിയുന്നത് മിശ്രഭോജനം,മിശ്രവിവാഹം എന്നെല്ലാം പറയുമ്പോൾ മാത്രമാണ്. "എല്ലാ മുലകളിലും മുലപ്പാലാണ്"എന്ന തിരിച്ചറിവാണ് ബഷീറിന്റെ മനുഷ്യ സാഹോദര്യബോധത്തിന്റെ അടിത്തറ എന്ന് പറയാം.

(വായനാക്കുറിപ്പ്)

**ഫദലു ഷാക്കിർ.വി**

**X A**

# ആൽഫയും ഒമേഗയും

ആൽഫയും
ഒമേഗയും
പാസ് വേഡിൽനിന്നുമാകുന്നു.

ഉഷസ്സുണർന്നു;
ഉദയരശ്മികൾ
സ് മേരമായി ചാരെ.

കൈയകലത്തിരിക്കും
വിനിമയചംക്രമണോപകരണ-
ത്തിനരികെതിരഞ്ഞു ഞാൻ
പാസ് വേഡിനായ്....

പതിയെ തുറന്നു
തനിയെ ഇമവെട്ടിരിഞ്ഞു
എവിടെയെൻ പ്രാണൻ?

ഇനിയുമുണരാതെ
സുഖനിദ്രയിലാണവൻ
എങ്കിലും
എന്നോടായ് അവനോതി.

"തളരാതുറങ്ങുക കുട്ടുകാരീ

തകർന്ന സ്വപ്നങ്ങൾക്കുയരേകുക,
തംബുരു മീട്ടി,തന്ത്രികൾ മീട്ടി,
തങ്കക്കിനാവായ് പെയ്തിറങ്ങുക.
കാവലാളാവുകീ ധരണിക്ക്
കനലുകത്തുന്നോരു പുളിനങ്ങൾക്ക്
കറവ വറ്റാത്തൊരുറവകൾക്ക്....

ഇരമ്പുന്ന ജലധിയും
ഇളകുന്ന മനവും
നല്ലൊരു നാളെ
നമുക്കായ്പ്രാർത്ഥിക്കുന്നു.

അതിൽ
നന്മയുടെപൂക്കളങ്ങൾ തീർക്കാൻ
പാസ് വേഡ് നന്മയ്ക്കായുപയോഗിക്കാൻ
ഒരു നവലോകം പണിയാൻ
ഉയിർക്ക നീ".

ഇതിനിടയിലും
ഞാൻ കാത്തിരിക്കുകയായിരുന്നു
മെമ്മറിയിൽ നിന്നും
ഡിലീറ്റ് പാസ് വേഡിനായ്
ഓർമ്മപ്പുരകളൊരുക്കി....

**മീന ജോസഫ് - UPSA**

# സദ് ഗുരു

ഗുരു ശിഷ്യർക്ക് മുന്നിലെത്തി.......

അന്നേരം കിളിവാതിലിലൊരുപക്ഷി വന്നിരുന്നു.

അതു പാടാൻ തുടങ്ങി.

അവർ ആ പാട്ടിൽലയിച്ചിരുന്നു.

പക്ഷി പറന്നു പോയപ്പോൾ ഗുരു പറഞ്ഞു:

"ഇനി പൊയ്ക്കോളൂ.ഇന്നത്തെ അധ്യയനം

കഴിഞ്ഞു..........."

**ഷാഹിൽ**

IX E



Ramachandran
Drawing Tr.



Anaswara P S
X A

# കെട്ടിടോദ്ഘാടനം......


നീലേശ്വരം ഗവ: ഹയർ സെക്കണ്ടറി സ്കൂൾ
കെട്ടിടോദ്ഘാടനം
പ്രൊഫ: സി. രവീന്ദ്രനാഥ് (ബഹു: വിദ്യാഭ്യാസ വകുപ്പ് മന്ത്രി)
2020 ജനുവരി 06
വിളംബര ജാഥ



# കേരള വിദ്യാഭ്യാസ മന്ത്രി....



# അന്താരാഷ്ട്ര നിലവാരത്തിലേക്ക്....



# Our Teachers.....



# Thank You!